



# സൃഷ്ടി





# ജി വി എച്ച് എസ് എസ് പത്തിരിപ്പാല

# ലിറ്റിൽ കൈറ്റ്സ്

# 2019-2020

## ഉള്ളടക്കം

തിര.....7
വൃക്ഷം.....9
ലഹരി.....12
കറുപ്പ്.....25
ജീവിതം.....26

# നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ഡിജിറ്റൽ മാഗസിൻ ആയ" സൃഷ്ടി "ക്ക് ആശംസകൾ നേരുന്നു

പ്രധാനാദ്ധ്യാപിക :ശ്രീമതി  രജിനി കെ കെ

ഡെപ്യൂട്ടി ഹെഡ്മിസ്ട്രസ്സ് :ശ്രീമതി  ഗീത എം

അദ്ധ്യാപകർ

പി ടി എ &എസ് എം സി  ഭാരവാഹികൾ



little KITEs

ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിനായി സഹകരിച്ച എല്ലാവരെയും സ്നേഹത്തോടെ സ്മരിക്കുന്നു .സാങ്കേതിക വിദ്യ അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കംപ്യൂട്ടർ പരിശീലനം നേടേണ്ടത് അത്യാവശ്യമാണ് .ഇൻഫർമേഷൻ ടെക്നോളജിയുടെ അനന്ത സാദ്ധ്യതകൾ വിദ്യാർത്ഥികളിലേക്ക് എത്തിക്കാനായി കൈറ്റിന്റെ നേതൃത്വത്തിൽ കേരള ഗവണ്മെന്റ് നടപ്പിലാക്കിയ പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് .....പ്രോഗ്രാമിംഗ്, ആനിമേഷൻ ,റോബോട്ടിക്സ് ,മലയാളം ടൈപ്പിംഗ് ,ക്യാമറ എന്നീ മേഖലകളിലാണ്  പരിശീലനം നടത്തുന്നത് ...

ഡിജിറ്റൽ മാഗസിൻ നിർമാണ ഘട്ടത്തിൽ എല്ലാ സഹായങ്ങളും ചെയ്തു തന്ന ഞങ്ങളുടെ ബഹുമാന്യയായ പ്രധാനാദ്ധ്യാപികക്കും പ്രിയപ്പെട്ട അദ്ധ്യാപകർക്കും  പി ടി എ അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു ...കൃത്യമായ മാർഗ്ഗനിർദേശങ്ങളോടെ ഞങ്ങളോടൊപ്പം ഉണ്ടായിരുന്ന ശോഭ ടീച്ചറെയും  മീര ടീച്ചറെയും സ്നേഹത്തോടെ ഓർക്കുന്നു

എഡിറ്റർ

# എഡിറ്റോറിയൽ ബോർഡ്

ഫാദില (എഡിറ്റർ )
മുഹമ്മദ് ഷുഹൈബ്
ആരതി
വിസ്മയ
ശ്രീദേവി
കാവ്യ
ജാസിർ
സൗരവ്
അക്ഷയ്
സുധിൻ
സായികൃഷ്ണ

## തിര

ചാരുവർണ്ണകടലാസിലെന്നപോലെ എൻ
മിഴിയിൽ തലോട്ടുമാ പൊൻതിര...
മധുരമാം നിൻ നേർത്ത മുഖം കാണാ-
ൻ മലരുകൾ മനതാരിൽ വിരിയും പോലെ,
നിൻ ഭീകരഭാവംപൂണ്ടി കരയെ
വെല്ലുവിളിക്കുന്നു.
നിൻ ധൈര്യത്തെ ആരും വെല്ലുവിളി-
പ്പതെയില്ലാ....
നിൻ അലയുടെ സംഗീതമായി എൻ
കാതുകളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു.
കുതിച്ചുപാഞ്ഞ് വരുന്നതുകാണാൻ
മർത്ത്യർ കൂടിയിരിപ്പൂ നിൻ അരികത്ത്.....

ചെറുതുള്ളികളാൽ ചേരുന്നതാണ്
നിൻ മേനി.....
നിൻ തിരയുടെ ശബ്ദം മധുരമായ
സ്വരത്തിൽ മുഴുകി ഞാൻ.....

അഫ്രീന പർവിൻ.എ
IX-ഐ

# തേങ്ങലുകൾ

## വൃക്ഷം

ഒരുകാലം തണലായ്
മാറിയെൻ മനോഹരമായെൻ
ചില്ലയെ നോവിക്കുമ്പോൾ

ചിതറിത്തെറിപ്പിച്ച് എന്നെ
വെട്ടിയരിയുമ്പോൾ നിങ്ങൾ
ഓർത്തില്ല ഞാൻ തരുന്ന
ദീർഘശ്വാസം

മനോഹരമായ ഈ ഭൂവിൽ
ഞാൻ നിങ്ങൾക്കുവേണ്ടി
എൻ ജീവൻ ഉയർത്തിടുമ്പോൾ
നീ എൻ ജീവനല്ല നിൻ
ജീവനാണ് നശിപ്പിക്കുന്നത്

ഓർക്കാതെ ചെയ്യുന്ന തെറ്റിൽ
നീ ഓർക്കുന്നു ഈ വേനലിൽ
തേടി നടക്കുന്നു എൻ തണൽ
തേങ്ങുന്നു ഒരുമിച്ച് നീയും ഞാനും ഭൂമിയിൽ

ആഗ്രഹത്തോടെ ഞാൻ വാഴുമ്പോൾ
എന്നെ നീ കൊല്ലുമ്പോൾ ഓർത്തിടണെ
കരയാൻ കണ്ണില്ല ; ചിരിക്കാൻ വായില്ല
നീൻ ജീവൻ സംരക്ഷിച്ച് ഞാൻ മരിച്ചു

സുദിന.എ



# ലക്കിടി കുഞ്ചൻ സ്മാരകത്തിൽ ലിറ്റിൽ കൈറ്റ്സ്

# ലഹരി

കള്ളടിച്ചിട്ട് കലി തുള്ളുന്നചേട്ടൻ-
മാരിത് കേൾക്കണം.
ലഹരിയെന്ന കൊട്ടും ചതിയിൽ
വീഴാതെ നിങ്ങൾ നോക്കണം
പാൻമസാല, പുകയില എന്നീ
മാരക വസ്തുക്കൾ മരണത്തിലേ-ക്കെത്തിച്ചീടുന്നു,
നിങ്ങളുടെ ജീവിതം നശിപ്പിച്ചീടുന്നു.
കുടുംബമില്ല, ജോലിയില്ല, സ്നേഹവുമില്ല
ജീവിതം കട്ടപുക....
ദൈവം തന്ന ജീവിതം നശിപ്പിച്ചീടല്ലേ....
വേണ്ട  വേണ്ട ലഹരി നമുക്ക്
കളഞ്ഞീടാം ഇന്നുതന്നെ!

**സഹന**


Done by
VIII I





# മഴയ്ക്കുമപ്പുറം

കാവിയടിച്ച ചുവരുകൾ എല്ലാ ചായക്കൂട്ടും

മഴ വടിച്ചിട്ടതാണ്.ഒന്നും ഓർക്കുന്നില്ല...

ഓർക്കുന്നില്ലെന്നല്ല ഓർത്തുകരയുവാൻ

ഇനി വയ്യ.ആഴ്ച്ചകൾക്കുമപ്പുറം കഴിഞ്ഞാണ്

ഇന്ന് ആ വരാന്തയിൽ കാലടിധ്വനികൾ

പതിഞ്ഞത് ....കനത്തായിരുന്നില്ല വളരെ

നേർത്ത് തേഞ്ഞ ഒറ്റയാൾ കാലടികൾ

മാത്രമായിരുന്നു.“അമ്മേ....കൈക്കിലുക്ക

ത്തിൽ കടകവളകൾ ചിരിക്കുന്നത്

കേൾക്കാനാണ് ഏറെയുമിഷ്ടം.

യാദീ...അകത്തുനിന്നുംഅമ്മയുടെ

ശകാരവാക്കുകളാണ് എങ്കിലും അതിന്

മാധുര്യം കൂട്ടും.'യാദി' വളർന്നുവലുതായ പെൺകുട്ടി അല്ലാ അവൾ.ബാല്യത്തിലെ കുറുക്കുവഴിയിലൂടെ ഓടി കളിക്കുന്ന ഒരു ചെറിയ കളിക്കൂട്ടുകാരിയാണ്.എന്നാൽ കുറച്ചു ദിവസത്തിന് മുൻപ് ആ വളകിലുക്കങ്ങൾക്ക് ചിരിയില്ലാതാവുകയും അത് പൊട്ടിപ്പോവുകയും ചെയ്തതിലാണ് സങ്കടം. സങ്കടം മാത്രമല്ല ഹൃദയം രണ്ടായ് പിളർന്ന് അമർഷത്തിന്റെ കനൽ ചൂളകൾ നീരാവി പൊത്തിപിടിക്കുകയാണ്.

ആരും എവിടെയും സുരക്ഷിതരല്ല. ആണെങ്കിൽ ഇങ്ങനെ ഒന്നും സംഭവിക്കാറില്ലായിരുന്നു സ്നേഹം നടിച്ച്

**ശരീരം മുറിച്ചുതിന്നുന്ന ഒരുപാട്**

**മനുഷ്യരുണ്ട്**

**ഇവിടെ ........അല്ലെങ്കിൽ**

**മരണക്കിടക്കയിലും**

**അവൾ ഇങ്ങനെ പറയുമോ?**

**"വേദനിക്കുന്നുണ്ടോ മോളേ" ... കണ്ണിൽ**

**നിന്നും രക്തം ചിന്തിയാണ് ആ അമ്മയതു**

**ചോദിച്ചത്. ഏയ്  ഇല്ലമ്മേ...**

**ചെറുപ്രായത്തിൽ ചവിട്ടി അരച്ചു**

**കൊന്നുകളഞ്ഞതിൽ സങ്കടമുണ്ടോ?...**

**ഇല്ലമ്മേ...എനിക്ക് വാവുആവുന്നതിന്**

**മുൻപ്**

ആ മാമൻ എനിക്ക് മിഠായി ഒക്കെ വാങ്ങിതന്നല്ലോ...നല്ല മാമനാ...


തൊണ്ടയിടറിയ ആ ജീവനിൽ ശ്വാസം നിലക്കുമ്പോഴുണ്ടായ അവസാനത്തെ വാക്കുകൾ ആണ്...കണ്ണീരുകൾ മാത്രം കടലുകളായ് അവസാനിച്ചപ്പോൾ നീതിക്കുവേണ്ടി ആ കോടതിപ്പടികൾ കയറിയതുമാത്രം ബാക്കിയാവുന്നുണ്ട്...മഴച്ചാറ്റലുകൾക്കിടയിൽ ആ അമ്മ ഓർത്തു.

"മഴക്കുമപ്പുറം എന്താണമ്മേ...?

നേർത്തചിരിയോടെ മനസ്സിലോതി കൊടുത്തു.മഴക്കുമപ്പുറം മഴവില്ലുകളല്ലാ

**മോളേ...അന്ധകാരത്തിന്റെ കറുപ്പുകൾ മാത്രമാണ്...നീരാവികനത്ത് അത് കല്ലുകളായിതരിയായി പൊടിഞ്ഞ് പാറി വീഴുന്നുണ്ട്.**

**അഞ്ജന.എ.ജെ**



# മണ്ണാങ്കട്ടയും കരിയിലയും

പണ്ട് ഒരു കാട്ടിൽ ചെറുപ്പക്കാരനായ മണ്ണാങ്കട്ടയും സുന്ദരിയായ കരിയിലയുമുണ്ടായിരുന്നു.അവർ നല്ല സുഹൃത്തുക്കളായിരുന്നു അവർ ഒരു യാത്ര പോകാൻ തീരുമാനിച്ചു . അങ്ങനെ അവർ യാത്ര പുറപ്പെട്ടു . യാത്ര ക്കിടയിൽ ഒരു കാറ്റ് വീശി . അത് കണ്ട് കരിയില ഭയന്നു . തന്ത്രശാലിയായ മണ്ണാങ്കട്ട കരിയിലയുടെ മുകളിൽ കയറിയിരുന്നു . അങ്ങനെ കാറ്റ് പോയി . അവർ യാത്ര തുടങ്ങി . പിന്നീട് മഴ പെയ്തു കരിയില മണ്ണാങ്കട്ടയുടെ മുകളിൽ ഇരുന്നു . അങ്ങനെ അവരുടെ സൗഹൃദം വിജയിച്ചു .

# മിസ്സ്ഡ് കോൾ

## പെണ്ണ്

നേരം പുലരുന്നതിനു മുൻപേ പാത്രങ്ങൾ ചിലച്ചുതുടങ്ങി.
കുതിച്ചുയരുന്ന ആവിയിൽ അവൾ വെന്തുരുകി.
തളയ്ക്കപ്പെട്ട മൃഗം.
കൂട്ടിലടക്കപ്പെട്ട പക്ഷിയെപോലെ അവൾ പാറിനടന്നു.
അറുത്തുമാറ്റിയ നാവുകൾകൊണ്ട് അവൾ കവിതയെഴുതി
എഴുതരുതെന്ന് ലോകം വിലക്കീട്ടും വരയിടാത്ത പേജുകളിൽ
അവൾ വരകൾ കൊണ്ട് നിറച്ചു .
പറക്കാൻ കുതിച്ച അവളുടെ സ്വപ്നത്തെ അറുത്തുമാറ്റാനായി
വന്ന മിസ്സ്ഡ് കോളുകൾക്ക് മരണത്തിന്റെ മണമുണ്ടായിരുന്നു......

**സരയു**

# കൂടെ

ഒഴുകുന്ന എന്റെ മനസ്സ് -
ആകാശത്തോടൊപ്പമായിരുന്നു
എന്റെ ഓരോ തേങ്ങലുകളും -
അവനോടൊപ്പമായിരുന്നു
എൻ ജീവിതത്തിൽ എന്നും നിഴലായി.......
ഈ തേങ്ങലുകൾ മാത്രം.

**റിഫ.പി.കെ**



# സംഗീതജ്ഞ ശ്രീമതി രതി ടീച്ചറോടൊപ്പം

## കറുപ്പ്

അമ്മയുടെ ജീവിതമെന്നും
ഇരുട്ടായിരിക്കും-
ആ ഇരുട്ടിലുള്ള
ഓരോ തേങ്ങലുകളും
എന്നും എന്റെ കാതുകളിൽ
പതിഞ്ഞുനിൽപ്പുണ്ട്

# ജീവിതം

ബാല്യത്തിൽ ഓടികളിച്ചിരുന്നനാൾ -
എത്ര ചേതോഹരം
സത്യരായി ഒരു കൗമാര നിമിഷത്തിൽ യൗവ്വന -
ത്തിൽ വന്നു ചേരുന്നു.
പിന്നീടെങ്ങോ ഓർമ്മകൾ പോയി -
പോയി ഒളിച്ചിടുന്നു
വാർധക്യം വന്നു തേങ്ങുന്നു

റിഫ

# കണ്ണുനീർ

മാനത്തുദിക്കുന്ന സൂര്യന്റെ
കണ്ണീരിൽ
വീണടയുന്നതു അമ്മ ഭൂമിയല്ലെ
കാലങ്ങൾ മായ്ക്കുന്ന
നോവുകളെല്ലാമെ
ജീവന്റെ വെണ്ണീറിൽ
വെന്തതല്ലെ
സ്വപ്നവും അതിസങ്കൽപവും
തകരുന്നത്രയും കണ്ണീരിലല്ലെ-
ചഞ്ചലമായൊരു മനസ്സതിലെ-
പ്പൊഴും പണത്തെയോർത്തുള്ള ആധിയല്ലെ

ഭിക്ഷയ്ക്ക യാചിക്കും
അമ്മക്കിളികളിൽ ബാക്കി-
യായ് വന്നതും മൗനമല്ലെ
പത്തുപതിനഞ്ചു മക്കള-
ണ്ടായിട്ടും പാതിയിൽ നിൽപതു ദു:ഖമല്ലെ

കണ്ണുണ്ടുകാണില്ല കാതുണ്ടു
കേൾപ്പില്ല എന്നിവയ്ക്കുസമം
മൊട്ടുണ്ട് പൂവില്ല എന്നപോലെ

**ജീവനു ജീവിതലക്ഷ്യവുമെല്ലാമെ**
**ആയുസ്സുനീട്ടുന്ന കണ്ണിയല്ലെ**

**വെണ്ണീറിൽ നിന്നുതുപ്പുന്ന**
**തീപ്പൊരിപോലുമാത്മാവിൻ ദു:ഖമല്ലെ**
**ചപ്പുചവറിൽ വെന്തുതീ-**
**രുന്ന ഭൂമിയും**
**മൗനമായ് മൂളുന്നതും**
**വിഷമമല്ലെ**
**വീണ്ടുമോർക്കുന്ന ചുട്ടു-**
**നൊമ്പരങ്ങളും**
**കാലത്തിൻ ചക്രത്തിൽ**
**കിടക്കുന്നില്ലെ**

**തീയിൽ വെണ്ണീരായ്ത്തിള-**
**ങ്ങുന്ന കനലിതുമുണ്ടതിൻ**
**സങ്കടങ്ങൾ ആസ്വദിയ്ക്കാം ജീവിതത്തിന്റെ**
**കണ്ണീരു**
**ഏകാന്തതാരങ്ങളായ്പറന്ന്.**

**അനുശ്രീ.പി**
**X-ജി**



# കറുപ്പ്...

ഒന്നാം ക്ലാസ്സിനു മുൻപ്
ഓർക്കാതിരുന്ന നിറമായിരുന്നു
അത്.
കറുമ്പനെന്ന് വിളിച്ച്
കളിയാക്കിയപ്പോഴും
കറുപ്പിത്ര കുഴപ്പമാണെന്നറിഞ്ഞില്ല
പിൻബെഞ്ചിലിരുന്ന്
കറുത്ത സ്വപ്നങ്ങൾ
കണ്ടപ്പോഴും
ഗാന്ധിയും മണ്ടേലയും
ചരിത്ര താളിൽ നിന്നിറങ്ങി വന്നപ്പോഴും
ഞാൻ കടഞ്ഞ കവിതകളിൽ
കറുപ്പ് കുരുങ്ങിക്കിടക്കുകയായിരുന്നു
കറുപ്പ് കറുപ്പല്ലെന്നും

കറുപ്പാണ് വെളുപ്പെന്നും
കറുത്ത വെളുത്ത ആകാശം നോക്കി
കണക്കു കൂട്ടുകയാണ് ഞാൻ............

സരിഗ

# അമൃത ഭാഷ സംസ്കൃതം

ഭാഷകൾ സംസ്കാരവാഹിനികളാണ്. ഭാഷകളിലൂടെ സംസ്ക്കാരം തലമുറയിൽ നിന്ന് തലമുറയിലേക്ക് പ്രവഹിക്കുന്നു.ഭാഷയ്ക്കുണ്ടാവുന്ന കോട്ടം തീർച്ചയായും സംസ്ക്കാരത്തിന്റെ  കോട്ടമാണ് എല്ലാ ഭാഷകളുടെയും മാതാവായി കണക്കാക്കുന്ന ഭാഷയാണ് സംസ്കൃതം. **അതിനാൽ തന്നെ സംസ്ക്കാരവും സംസ്കൃതവും ഭിന്നമല്ല.**

സംസ്കരിക്കപ്പെട്ടതിനാൽ ആയിരക്കണക്കിന് വർഷങ്ങൾക്ക് ശേഷവും ഇന്നും സംസ്കൃതഭാഷ മങ്ങലേൽക്കാതെനിൽക്കുന്നു.രാമായണം, മഹാഭാരതം,ഉപനിഷത്തുക്കൾ കാളിദാസാദികളുടെ കാവ്യഗ്രന്ഥങ്ങൾ എന്നിവയിൽ നിന്നെല്ലാം സ്വീകരിച്ച സൂക്തിരത്നങ്ങളാണ് ഭാരതത്തിലെ മിക്ക **ഔദ്യോഗിക ചിഹ്നങ്ങളിലെയും ആദർശവാക്യങ്ങൾ.**

പരിശ്രമോ മിതാഹാരോ

ഭുഗതാവശ്വിനീസുതൗ

താവനാദൃത്യനൈവാഹം

വൈദ്യമന്യം സമാശ്രയേ

വ്യായാമവും മിതമായ ആഹാരശീലവും

അനുഷ്ഠിക്കുന്നവർ ഭൂമിയിലുള്ള അശ്വനീദേവൻമാരാണ്

ഇവ രണ്ടും ശീലിക്കുന്നവർക്ക് മറ്റു വൈദ്യന്റെ

ആവശ്യമില്ല എന്നർത്ഥം

# ശുചിത്വശീലം കുട്ടികളിൽ

വ്യക്തികൾ സ്വയമായി പാലിക്കേണ്ട അനവധി ആരോഗ്യശീലങ്ങൾ ഉണ്ട്. അവ കൃത്യമായി പാലിച്ചാൽ പകർച്ചരോഗങ്ങളേയും ജീവിത ശൈലി രോഗങ്ങളേയും ഒഴിവാക്കാൻ കഴിയും.

1 ഭക്ഷണത്തിനു മുൻപും പിൻപും കൈകൾ നന്നായി കഴുകുക.

വയറിളക്കരോഗങ്ങൾ, വിരകൾ, തുടങ്ങിയവ ഇതിലൂടെ ഒഴിവാക്കാം

2 ചുമയ്ക്കുമ്പോഴോ തുമ്മുമ്പോഴോ തുവാലകൊണ്ട് മുഖം മറയ്ക്കുക.മറ്റുള്ളവർക്ക് രോഗം പകരാതിരിക്കാനും നിശ്വാസവായുവിലെ രോഗാണുക്കളെ തടയുവാനും തുവാല ഉപകരിക്കും

3 നഖം വെട്ടി വൃത്തി ആക്കുന്നത് രോഗാണുക്കളെ തടയും

4 രാവിലെ ഉണർന്നാലുടൻ പല്ല് തേക്കണം, രാത്രിയിൽ ഉറങ്ങുന്നതിന് മുൻപും

5. ദിവസവും കുളിച്ച് ശരീര ശുദ്ധി വരുത്തണം കഴുകി ഉണക്കാത്ത ചർമ്മത്തിൽ ചൊറി പുഴുക്കടി തുടങ്ങിയവ ഉണ്ടാകും.

6. വൃത്തിയുള്ള വസ്ത്രം ധരിക്കുക. കഴിയുന്നതും വസ്ത്രങ്ങൾ, കിടക്കകൾ എന്നിവ കഴുകി സൂര്യപ്രകാശത്തിൽ ഉണക്കുക. ഏറ്റവും ഫലപ്രദമായ അണുനാശിനിയാണ്.

7. പാദരക്ഷകൾ കൊക്കപ്പുഴുവിനെ ഒഴിവാക്കും.

8.പെൺകുട്ടികൾ ആർത്തവശുചിത്വം പാലിക്കണം.

9. മലമൂത്രവിസർജ്ജനം സാനിട്ടറി കക്കൂസുകളിൽ മാത്രം.

10. ഫാസ്റ്റ്ഫുഡ് കൃത്രിമ ആഹാരം എന്നിവ ഒഴിവാക്കണം.

11. സമീകൃതാഹാരം ശീലമാക്കി അമിതാഹാരം ഒഴിവാക്കുക.

12. ദിവസവും 2 ലിറ്റർ വെള്ളം കുടിക്കണം.

13. വ്യായാമവും വിശ്രമവും ആവശ്യം.

14. പുകവലി,മദ്യപാനം,ലഹരിവസ്തുക്കൾ എന്നിവ പാടില്ല.

# ഒരു വിദ്യാലയാനുഭവം

കുട്ടികളുടെ അതേ ധൃതിയിൽ അധ്യാപികയും കുടയും ബാഗുമെടുത്ത് പുറത്തേക്കിറങ്ങിയതാണ്. അപ്പോഴാണ് നാലാം ക്ലാസിലെ സുനിത കരഞ്ഞു നിലവിളിച്ച കൊണ്ട് ഓടിവരുന്നത്.

'ബിനിതയേ കാണാനില്ല ടീച്ചർ'

എല്ലായിടത്തും നോക്കിയോ എന്നു ചോദിച്ചുകൊണ്ട് ചുമരിൽ തൂക്കിയ ക്ലാസ്സുറിയുടെ താക്കോൽ അധ്യാപിക കൈയ്യിലെടുത്തു. ഇന്റർവെൽ സമയത്ത് ബിനിത തന്ന പുളിങ്കുരു അപ്പോഴും അധ്യാപികയുടെ വായിൽ കിടന്നിരുന്നു.

ബിനിത! രണ്ടാം ക്ലാസിലെ ഒരു കിലുക്കാംപെട്ടി. മെലിഞ്ഞ് ഇരുനിറത്തിൽ വിടർന്ന കണ്ണുകൾ ഉള്ളവൾ. വാലിട്ട് കണ്ണെഴുതി കവിളത്ത് ഒരു കുത്തും മുഖത്ത് എപ്പോഴും ചന്തമുള്ള ഒരു ചിരിയും .....വകഞ്ഞ് ഒരു ഭാഗം കെട്ടിയ മുടിയിൽ മിക്കവാറും അവളേക്കാൾ വലിയൊരു പനിനീർപ്പൂവ് തിരികിയിരിക്കും.

വൃശ്ചികക്കാറ്റ് സമൃദ്ധമായി വീശുമ്പോഴും അധ്യാപികയുടെ മുഖത്തുനിന്ന് വിയർപ്പു തുള്ളികൾ ഇറ്റുവീണു.എന്നും രണ്ടാം ക്ലാസിന്റെ മുറി പൂട്ടുമ്പോൾ ക്ലാസിൽ ആരും ഇല്ല എന്നു ഉറപ്പുവരുത്തുന്ന അധ്യാപികയാണവൾ. വീണ്ടും ക്ലാസ്സുറി തുറക്കുമ്പോൾ അധ്യാപികയുടെ കൈവിറച്ചു.ബിനിത ഇരിക്കുന്ന ബെഞ്ചിനു താഴെ അവളുടെ കുഞ്ഞു ബാഗ് ഭദ്രമായി ഇരിക്കുന്നു. അധ്യാപികയുടെ നെഞ്ചിൽ കൊള്ളിയാൻ മിന്നി.

ആകെ നാലുക്ലാസുകൾ മാത്രമുള്ള സ്കൂളിൽ ഏഴാം പീരിഡ് എന്നും കളി പീരിഡ് ആയിരുന്നു. കളി കഴിഞ്ഞ് ക്ലാസിൽ കയറി ദേശീയ ഗാനത്തിനു ശേഷമാണ് കുട്ടികൾ പോവാറുള്ളത്.ദേശീയ ഗാന

സമയത്ത് ബിനിത ഉണ്ടായിരുന്നോ എന്ന് ഓർത്തു നോക്കി അധ്യാപിക പരാജയപ്പെട്ടു.സ്കൂളിലെ മറ്റ് ക്ലാസ് മുറികളും മൂത്രപ്പുരയുമെല്ലാം ഇതിനോടകം അധ്യാപിക പരിശോധനാ വിധേയമാക്കിയിരുന്നു കുട്ടിയെ കാണാത്ത വിവരം ഹെഡ് ടീച്ചറായ തങ്കമ്മടീച്ചറെ എങ്ങനെ അറിയിക്കും എന്നറിയാതെ അധ്യാപിക കുഴങ്ങി .... ആരവങ്ങളില്ലാത്ത സ്കൂൾഗ്രൗണ്ടിലൂടെ വെറുതെ ഒന്നു നടന്നു നോക്കുമ്പോൾ തറകെട്ടി ഭംഗിയാക്കിവെച്ചിരിക്കുന്ന ബദാം മരച്ചുവട്ടിലേക്ക് അധ്യാപികയുടെ കണ്ണുകൾ അറിയാതെ ചെന്നു. അവിടെ വൃശ്ചികക്കാറ്റിൽ , മനോഹരമായ സ്വപ്നത്തിന്റെ മാധുര്യത്തിൽ തെളിയുന്ന പുഞ്ചിരിയോടെ അവൾ ബിനീത സുഖസുന്ദരമായി ഉറങ്ങുന്നു. ആ പുഞ്ചിരിയുടെ അനുരണനങ്ങൾ അധ്യാപികയുടെ ചുണ്ടുകളിലേക്കും അലയടിച്ചെത്തി.

# *ഉറങ്ങട്ടെ വിളിക്കരുത്*

**കുതിച്ചു വീണ മണ്ണിനടിയിൽ**

**സ്വപ്നം കണ്ട്**

**കിടക്കുകയാണവൾ**

**ഉറങ്ങട്ടെ വിളിക്കരുത്**

**എഴുതി തീരാത്ത**

**പുസ്തകവും,**

**തോരാനിട്ട യൂണിഫോമും**

**വലിച്ചെറിഞ്ഞ ബാഗും**

**ഉറക്കത്തിലാണ്**

**ഉറങ്ങട്ടെ വിളിക്കരുത്**

**കുന്നോളം സ്വപ്നങ്ങളും**

**കടലോളം മോഹങ്ങളും**

**ഇലയനക്കം പോലുമില്ലാതെ**


**ഇരുളിലലിഞ്ഞ്**

**ഇടറിവീണ്**


**ഉറങ്ങിയതാണ്**

**ഉറങ്ങട്ടെ വിളിക്കരുത്.........**

**സരിഗ**


Sudhina-A. 8th-H
Textile.
SHOPS
G.V.H.S.S PATHIRIPALA
BOOK





# കലാകായിക മികവുകൾ







# ഫുഡ്ഫെസ്റ്റിവൽ



# പാഠം ഒന്ന് പാടത്തേക്ക്


© Anirudh Madhav Kakkad


ASHOK LEYLA
4271


MOBILE TRAFFIC ELECTRONIC PARK
ശുഭ യാത്ര
സുരക്ഷിത
യാത്ര
കാൽനട യാത്രക്കാർ
റോഡിനു വലതുവശം
ചേർന്നു നടക്കുക
NO CELL PHONE USE
WHILE DRIVING
മദ്യപിച്ച്
വാഹനം
ഓടിക്കരുത്
STOP
DRUNK DRIVING
ഡ്രൈവ് ചെയ്യുമ്പോൾ
മൊബൈൽ ഫോൺ
ഉപയോഗിക്കാതിരിക്കുക

# നന്ദി

